**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3241** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളുടെ ഡിജിറ്റലൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂൾ പഠനം ഡിജിറ്റൽ ആക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 16,027 സ്കൂളുകളിൽ 3,74,274 ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്തു. 4,752 സെക്കന്ററി-ഹയർ സെക്കന്ററി സ്കൂളുകളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കിയും 11,275 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കിയുമാണ് ഈ ലക്ഷ്യം കൈവരിച്ചത്. ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കിയതിനൊപ്പം അവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപക പരിശീലനവും അനുയോജ്യമായ സോഫ്റ്റ്‌വെയറുകളും കൈറ്റ് ലഭ്യമാക്കി.<br><br>'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, 'സമഗ്രപ്ലസ്' ഡിജിറ്റൽ വിഭവ പോർട്ടൽ, 'സമേതം' സ്കൂൾ ഡാറ്റാ ബാങ്ക്, 'സഹിതം' മെന്ററിംഗ് പോർട്ടൽ, 'KOOL' ഓൺലൈൻ കോഴ്സ്, 'കേരള സ്കൂൾ കലോത്സവം', 'കേരള സ്കൂൾ ശാസ്ത്രോത്സവം', 'കേരള സ്കൂൾ സ്പോർട്സ്', ഇ-ലാംഗ്വേജ് ലാബ് (ഇ-ക്യൂബ് ഇംഗ്ലീഷ്, ഇ-ക്യൂബ് ഹിന്ദി) പദ്ധതികൾ, കൈറ്റ് വിക്ടേഴ്സ് ചാനൽ തുടങ്ങിയ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |
| (ബി) | പൊതുവിദ്യാലയങ്ങളിൽ സർക്കാർ അനുവദിച്ചിട്ടുള്ള ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്കൂളുകൾക്ക് ലാപ്ടോപ്പുകളും പ്രൊജക്ടറുകളും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നൽകിയത് 5 വർഷ വാറണ്ടി ഉറപ്പുവരുത്തിയാണ്. വാറണ്ടി പൂർത്തിയാകുന്ന മുറയ്ക്ക് ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും AMC |

| | | | |
|---|---|---|---|
| | | | സംവിധാനവും ഏർപ്പെടുത്തി. ഉപകരണങ്ങൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ യഥാസമയം രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനവും സമയബന്ധിതമായി പരാതി പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. വാറണ്ടി കാലയളവിനു ശേഷം വീണ്ടും സർവേ (ഓഡിറ്റ്) നടത്തി പ്രവർത്തനക്ഷമമായ ഉപകരണങ്ങൾക്കാണ് AMC ഏർപ്പെടുത്തുന്നത്. |
| (സി) | വാറന്റി കഴിഞ്ഞിട്ടുള്ള പ്രസ്തുത ഉപകരണങ്ങൾ മാറ്റി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | കൈറ്റ് സ്കൂളുകൾക്ക് നൽകിയ ഉപകരണങ്ങളുടെ 5 വർഷ വാറണ്ടി പൂർത്തിയാകുന്ന മുറയ്ക്ക് അവയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്താൻ AMC സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ സ്കൂളുകളുടെ ആവശ്യകതയ്ക്കനുസരിച്ച് ഉപകരണങ്ങൾ നൽകുന്നതിന് കൈറ്റ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ